## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

Hazrat Khalifathullah Munir Ahmad Azim (A)

24 November 2017 (05 Rabi'ul Awwal 1439)

# THE PERSONAL RELATIONSHIP BETWEEN MAN AND GOD :

# മനുഷ്യനും ദൈവവും തമ്മിലുള്ള വ്യക്തിപരമായ ബന്ധം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം മനുഷ്യനും ദൈവവും തമ്മിലുള്ള വ്യക്തിപരമായ ബന്ധം എന്ന വിഷയത്തിൽ വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഒരിക്കൽ ഒരാൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നോട് ചോദിക്കുകയുണ്ടായി. വിധി ദിനം എന്നാണ് ഉണ്ടാവുക ? പരിശുദ്ധ പ്രവാചകൻ (സ) പ്രതിവചിച്ചു. നിങ്ങൾ അതിനു വേണ്ടി എന്തു തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത് ?

പ്രസ്തുത മറുപടി തികച്ചും സൗഹൃദപരമായിരുന്നു. അതോടൊപ്പം അഗാധമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. എപ്പോൾ ഇതു സംഭവിക്കുമെന്നതിനേക്കാളുപരി, ഒരാൾ ശ്രദ്ധിക്കേണ്ടതു, അതിനു വേണ്ടിയുള്ള തയ്യാറെടുപ്പുകളിലായിരിക്കണം. എല്ലാ ഓരോരുത്തരും അല്ലാഹുവിന്റെ മുൻപാകെ ഹാജരാക്കപ്പെടുന്നതു തന്നെയാണ്. ദൈവത്തെ കണ്ടുമുട്ടുന്നതിനായി ഈ ലോകത്തു വെച്ച് നിങ്ങൾ എന്തു തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത് ? ഇതുകൊണ്ട് അർത്ഥമാക്കുന്നത് ഒരുവൻ ഈ ലോകത്തു വെച്ച് തന്നെ അല്ലാഹുമായി ഒരു ഹൃദയസംവാദം, വ്യക്തിപരമായ ഒരാത്മീയ ബന്ധം, അവനുമായി സ്ഥാപിക്കേണ്ടതുണ്ട്. ഒരു സ്നേഹിതനുമായി താത്ക്കാലികമായ ഒരു കൂടികാഴ്ചപോലുള്ള, നൈമിഷിക ബന്ധമാകരുത്. ഇത് അല്ലാഹുമായി എന്നും തുടരുന്ന, സ്ഥിരിമായ ഒരു ബന്ധമായിരിക്കണം. ദൈവമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ അവസ്ഥ, അവനുമായി അനസ്യൂതം പുരോഗമിക്കുന്ന ഒരു ബന്ധമാണത്. പ്രസ്തുത ബന്ധത്തിൽ നിന്നും ഒരു പിൻതിരിയലില്ല.

ഖലീഫത്തുൽ മസീഹ് രണ്ടാമൻ മുസ്ലീഹ് മൗഊദ് ഹസ്രത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നോട് മനുഷ്യവിദ്വേഷിയായ ഒരു തത്വചിന്തകൻ ഒരി

ക്കൽ ആരാഞ്ഞു. ഒരു മനുഷ്യൻ ഒരു ബോട്ടിൽ തന്റെ ലക്ഷ്യസ്ഥാനത്തെത്തി ച്ചേർന്നാലും, അതിൽ തന്നെ അവൻ ഇരിക്കുകയാണെങ്കിൽ, അവനെ പറ്റിയുള്ള താങ്കളുടെ അഭിപ്രായമെന്താണ് ? അദ്ദേഹം മറുപടിയായി പറഞ്ഞു. സമുദ്രത്തിന് ഒരവസാനം ഉണ്ടെങ്കിൽ, അവിടെ എത്തിച്ചേർന്നിട്ടും, അവൻ അതിൽ തന്നെ ഇരിക്കുകയുണങ്കെിൽ അവനൊരു വിഡ്ഢിയായിരിക്കും. ഇനി അതിനൊരു വസാനമില്ലെങ്കിൽ, ആരൊക്കെയാണോ അതിൽ നിന്നറങ്ങുന്നത്, അവർ മുങ്ങി ച്ചാകും, ദൈവത്തെ കണ്ടെത്തിയ ശേഷം അവനിൽ നിന്നും അകലുന്നത് അപ കടകരമാകുന്നു. ഒരാൾ ദൈവവുമായി ആത്മീയ ബന്ധം വളർത്തുകയും അതിൽ പുരോഗതി നേടുകയും ചെയ്താൽ, അവന്റെ പരലോക ജീവിതത്തിൽ അവ നത് കാണുകതന്നെ ചെയ്യും. ഈ ലോകജീവിതത്തിൽ അല്ലാഹുമായി ജീവനുള്ള ഒരു ബന്ധം നിലനിർത്തിയാൽ വരുംകാല ജീവിതത്തിൽ ആയിരകണക്കിന് മടങ്ങ് വർദ്ധനവോടെയുള്ള പ്രകാശത്താൽ അല്ലാഹുമായുള്ള ബന്ധം ഉണ്ടാകുന്നതാ ണ്. ഒരാൾ അല്ലാഹുവിന്റെ മുൻപിൽ നില്ക്കുന്നതുപോലെ തോന്നപ്പെടുന്നതാ ണ്. അതൊരു സാധാരണ മനുഷ്യന്റെ അല്ലാഹുമായുള്ള ബന്ധത്തിന്റെ അവസ്ഥ യാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നേടിയ അവസ്ഥയുമായി താരത മ്യം ചെയ്യുമ്പോൾ അതൊരു നിറം മങ്ങിയ അവസ്ഥയാണ്.

ദൈവം മനുഷ്യനിൽ സൃഷ്ടിച്ചിട്ടുള്ള കഴിവുകൾ എന്തെല്ലാമാണോ, അതിന്റെ പാരമ്യത്തിലെത്തിച്ചേരുവാൻ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ അല്ലാഹു പ്രാപ്തനാക്കി എന്നതാണ് വസ്തുത. അത് ദൈവത്തിന്റെ പാരമ്യ തയായിരുന്നില്ല. മറിച്ച് ആരംഭം മാത്രമായിരുന്നു. അല്ലാഹു (ത) തുടക്കമോ ഒടു ക്കമോ ഇല്ലാത്ത സ്വത്വമാകുന്നു. എന്നിരുന്നാലും എത്ര തന്നെ സ്വാത്വികരായ തത്വചിന്തകരായിരുന്നാലും ശരി, അല്ലാഹുവിനെ പറ്റിയുള്ള അത്ഭുതം അവന്റെ ചിന്തയ്ക്കതീതമാണ്. പല കാര്യങ്ങളും നമുക്ക് ഭാവനയിൽ കാണാം. എന്നാൽ ചില കാര്യങ്ങൾ നമുക്ക് അനുഭവമില്ലാതെ ഭാവനയിൽ കാണാൻ കഴിയില്ല. നില വാരമനുസരിച്ച് സാധ്യമാകുന്നതാണ്. അത് എവിടെ ആയിരുന്നാലും ഏതു ദിശ യിലായിരുന്നാലും ഇത് ആഴത്തിലുള്ള ചിന്തയുടെ ആവശ്യമുണ്ട്. ദൈവ ചൈതന്യം എല്ലായിടത്തും തുടിക്കുന്നു. ഒരുവൻ എവിടെ നോക്കിയാലും, ഒരു വൻ ഏതു രീതിയിൽ ചിന്തിച്ചാലും, ദൈവത്തിന്റെ നിലനില്പും സാന്നിധ്യവും പൂർവ്വാധികം വ്യക്തമാകുന്നതാണ്.

ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ഒരുവസ്ഥയാണ് ലിഖാഅ്

അഥവാ കണ്ടുമുട്ടൽ ! ആരാധകനും ആരാധ്യനും തമ്മിലുള്ള സമ്പൂർണ്ണ സംയോജനത്തിലൂടെ ആരാധകനുഭവിക്കുന്ന പൂർണ്ണതോതിലുള്ള സന്തോഷം അത് തിരിച്ചും ! സാധാരണ ആളുകൾക്ക് ഇത്തരം ഒരു അവസ്ഥ തുടർച്ചയായി നിലനിർത്തുവാൻ സാധിക്കുകയില്ല എന്നത് ഓർക്കേണ്ടതാണ്. ആളുകൾ പരസ്പരം കണ്ടു കഴിഞ്ഞാലും ചിലപ്പോൾ അപരിചിതരായിരിക്കും. കാഴ്ച ശക്തിയുടെ കുറവു കൊണ്ട് ചിലർക്ക് മറ്റു ചിലരെ തിരിച്ചറിയുവാൻ കഴിഞ്ഞു എന്നു വരില്ല. ചിലർ ചിലരെ കാണാതെ അവരുടെ ഇടയിൽ തന്നെ അവരുടെ ജീവിതം കടന്നു പോകുന്നു. ചിലപ്പോൾ ഒരാൾ വിചാരിക്കുന്നു അയാൾക്ക് ജനങ്ങളെ നല്ലപ്പോലെ അറിയാമെന്ന് ! എന്നാൽ കാലം കടന്നു പോകുമ്പോൾ മാത്രമെ അവരുടെ നല്ലതും ചീത്തയായതുമായ കാര്യങ്ങൾ നിങ്ങൾക്ക് കൂടുതൽ വ്യക്തമാവുകയുള്ളു. ഭാര്യമാർക്ക് ചിലപ്പോൾ അവരുടെ ഭർത്താക്കന്മാരെ കുറിച്ച് അറിയില്ല. അതുപോലെ തിരിച്ചും ! അനേകം ഭാര്യമാർ, അവരുടെ ഭർത്താക്കന്മാർക്ക് നിസ്വാർത്ഥമായ സേവനം നല്കുന്നതിലൂടെ, വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അവർ ഭർത്താക്കന്മാർ അവരുടെ നല്ല ഗുണങ്ങളെ ഓർമ്മിക്കാത്തവരുമാകുന്നു.സത്ചിന്തകൾ വളർത്താത്തവരും നല്ല അഭിരുചികൾ കാത്തു സൂക്ഷിക്കാത്തവരും പരുഷസ്വാഭാവമുള്ളവരും, പരിശുദ്ധ റമദാൻ മാസത്തിൽ വ്രതാനുഷ്ഠാനം നടത്തിയാൽ പോലും ! അല്ലാഹുവിനെ അനുഭവിച്ചറിയുവാൻ അവർക്ക് സാധിക്കുകയില്ല. ഒരാൾ സ്വയം തന്റെ ജീവിതത്തെ നന്നാക്കുവാൻ ശ്രമിക്കാത്തിടത്തോളം കാലം, ദൈവവുമായി ഒരാത്മീയ കൂടികാഴ്ചയ്ക്ക് യാതൊരുവിധ സാധ്യതയുമില്ല. ദൈവത്തെ കണ്ടെത്തുവാനും അനുഭവിച്ചറിയുവാനും ഓരോരുത്തരും കഠിനമായി യത്നിക്കേണ്ടതു തന്നെയാണ്. അതിന്റെ പ്രാരംഭഘട്ടം വളരെ താഴ്ന്ന നിലയിലായിരിക്കും. എന്നിരുന്നാലും ക്രമേണയായി അഗാധബന്ധവും ദൈവീക അനുഭവവും ഉയർന്നു വരുന്നതാണ്.

ദൈവീക അംഗീകാരത്തിന്റെ പ്രഥമപടികൾ ഉപരിതലത്തിൽ മാത്രമുള്ളതായിരിക്കും, അവ ബുദ്ധികൊണ്ടും ചിന്തകൊണ്ടും. പ്രപഞ്ചത്തിന്റെ അത്ഭുത പ്രിതിഭാസങ്ങിലൂടെയുമായിരിക്കും ആർജ്ജിക്കുന്നത്. അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. തീർച്ചയായും ആകാശഭൂമികളുടെ സൃഷ്ടിയിലും രാപകലുകൾ മാറി വരുന്നതിലും ബുദ്ധിയുള്ളവർക്ക് പലദൃഷ്ടാന്തങ്ങളുമുണ്ട്. 3 :191

രാവും പകലും മാറിവരുന്നതിൽ തീർച്ചയായും ദൈവീക ദൃഷ്ടാന്തങ്ങളുണ്ട്. കാലം മാറി വരുന്നതിലും പ്രസ്തുത ദൃഷ്ടാന്തം ദർശിക്കാം. എന്നാൽ ഈ

വസ്തുത ബുദ്ധിമാൻമാർ മാത്രമാണ് ഗ്രഹിക്കുന്നത്. ഈ ദൃഷ്ടാന്തം വിലയിരുത്തുന്ന അവർ ദൈവത്തെ സ്മരിക്കുന്നു. അവർ നിശ്ചിത സമയങ്ങളിൽ മാത്രമല്ല പ്രാർത്ഥിക്കുന്നത്, മറിച്ച് എല്ലാ സമയങ്ങളിലും എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുന്നു. ഈ പ്രവർത്തി അവർ ചെയ്യുന്നത് ജലം ഒഴുകുന്നതുപോലെയാണ്. അതിന് സംഘട്ടനമോ ബുദ്ധിമുട്ടോ ഇല്ലാതെ ഒഴുകുന്നതു പോലെയാണ്. അതിന് സംഘട്ടനമോ ബുദ്ധിമുട്ടോ ഇല്ലാതെ പ്രകൃത്യാ ഒഴുകുന്നു. ഇത് പ്രകൃതിപരമായ ഒരു സ്വഭാവമായി മാറുന്നു. ഒരുവൻ തന്റെ ചുറ്റുപാടിൽ അല്ലാഹുവിന്റെ പ്രവർത്തനങ്ങളും അവന്റെ ഗുണവിശേഷങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു കാണുന്നു. അതവനു പരിചിതമായി തീരുന്നു. അങ്ങനെ അവനെ ഓർക്കുന്നത് അവനിലും വളർന്നു കൊണ്ടിരിക്കുന്നു. ഒരുവൻ തന്നെ കുറിച്ച് ആന്തരിക പഠനവും നടത്തുന്നു. കാരണം ഒരുവൻ അങ്ങനെ തന്റെ ആത്മാവിനെകുറിച്ച് ബോധവനായാൽ അവൻ ദൈവത്തെ കണ്ടെത്തുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റനേകം പഠനങ്ങളുണ്ട്. അതിൽപ്പെടുന്ന ഒരു പഠനശാഖയാണ് മനുഷ്യ ശരീരത്തെ കുറിച്ചുള്ള പഠനം. ശരീരത്തെകുറിച്ച് എത്ര കൂടുതൽ പഠിക്കുന്നുവോ അത്രയും കൂടുതൽ അത്ഭുതങ്ങൾ കണ്ടെത്തുന്നതാണ്. ഓരോ അണുവിലും ദൈവത്തിന്റെ ക്ഷണപ്രഭ അവന് കണ്ടെത്തുവാൻ കഴിയുന്നതാണ്.

മനുഷ്യ ശരീരത്തിന്റെ പ്രവർത്തനം എങ്ങനെയാണ് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? യഥാർത്ഥത്തിൽ അത് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ ആഴത്തിൽ ചിന്തിച്ചിട്ടുണ്ടോ ? എന്നിലെ ബോധം എന്നത് ഫിസിക്സിന്റെയോ, കെമിസ്ട്രിയുടേയോ ഫലമാണോ? ഞാൻ എന്താകുന്നു ? എന്തുകൊണ്ടാണ് ഒരാൾ വേദന അനുഭവിക്കുന്നത് ? ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതായിട്ടുണ്ട്. ഒരു വ്യക്തിയിൽ ഒരാളിന്റെ കോപത്തോടെയുള്ള വീക്ഷണം പതിക്കുമ്പോൾ അയാൾ അസന്തുഷ്ടനാകുന്നു. അതിന് അവിടെ എന്ത് ഭൗതിക നിയമമാണ് കാരണമായത് ? അഥവാ സ്നേഹത്തോടെയുള്ള ഒരു നോട്ടത്തിന് പ്രസ്തുത വ്യക്തിയിൽ സന്തോഷം ലഭ്യമാകുവാൻ എന്തു ഭൗതിക നിയമമാണ് അവിടെ പ്രവർത്തിച്ചത് ? തന്നിലുള്ള ആന്തരിക ചേതനയെകുറിച്ച് ഒരാൾ ചിന്തിക്കുവാൻ തുടങ്ങിയാൽ ദൈവത്തിന്റെ കരം അത്ഭുതകരമായി പ്രവർത്തിക്കുന്നത് അവൻ കണ്ടെത്തും. കണ്ണുകൾ എങ്ങനെയാണ് ചുറ്റികറങ്ങുന്നത് ? ദൈവം നമുക്ക് സമ്പൂർണ്ണ ക്യാമറയെക്കാൾ മെച്ചമായ ചിലത് നല്കിയിരിക്കുന്നു. അതിന്റെ എല്ലാ

ഭാഗങ്ങളും ഒരുമിച്ചാണ് സൃഷ്ടിച്ചിരിക്കുന്നത്. വെവ്വേറെയല്ല. ഒരു ലക്ഷ്യമില്ലാതെ ആദ്യമായി റെറ്റിന സൃഷ്ടിക്കുക എന്നത് സാധ്യമല്ല. അതേ തുടർന്ന് ലെൻസ് അതേ തുടർന്ന് അതിനെ നിയന്ത്രിക്കുന്ന മസിൽസ് ! മസിൽസ് പ്രവർത്തന ക്ഷമ മല്ലെങ്കിൽ ലെൻസ് ഉപയോഗ ശൂന്യമാകുന്നതാണ്. പ്രായത്താൽ മസിൽസിന്റെ ശക്തി ക്ഷയിച്ചാൽ, ഒരുവന് കണാൻ കഴിയുകയില്ല. ചിന്തിച്ചാൽ ഒരുവൻ അംഗീ കരിക്കുവാൻ നിർബന്ധിതനായി തീരുന്നതാണ്. പുറമെ നിന്നുള്ള ഒരു സൃഷ്ടാവ് നിശ്ചയമായും ഇതിന്റെ പിന്നിൽ ഉണ്ടായിരിക്കേണ്ടതാണ് എന്ന് ! കാരണം ഒരുവന് തന്റെ തന്നെ സൃഷാടാവാകുവാൻ കഴിയുകയില്ല. നിർമ്മാണ ബുദ്ധി ശക്തി ഇല്ലാതെ എല്ലാം യാദൃശ്ചികമായി നിലവിൽ വരുവാൻ കഴിയുകയില്ല. ഒരുവൻ ആഴത്തിൽ പരിണാമത്തെകുറിച്ച ചിന്തിച്ചാൽ ഒരുവന് കൂടുതൽ ബോധ്യ മാകുന്നതാണ്. അതായത് ഒന്നും തന്നെ അത് സ്വയം ഉണ്ടാകുന്നതല്ല എന്ന് ! ഓരോന്നിന്റെയും പിന്നിൽ ഒരു വലിയ ബുദ്ധിശക്തി പ്രവർത്തിച്ചിരിക്കണം. അത്തരം ബുദ്ധിശക്തി നമ്മുടെ പരിമിത ബുദ്ധിശക്തിയെ കടത്തിവെട്ടുന്നതായി രിക്കും.

ദൈവത്തിന്റെ നിലനില്പ് സംബന്ധമായി ഒരാൾക്ക് ഒരളവോളം ബോധ്യമുണ്ടായിരിക്കണം. അതവന്റെ ഭൗതിക കണ്ണുകൾ ദൈവത്തിന്റെ ദൃഷ്ടാ ന്തങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിലൂടെ ആയിരിക്കും. ദൈവത്തിന്റെ സദാ സാന്നിദ്ധ്യം എല്ലാ സമയത്തും ഈ പ്രപഞ്ചത്തിൽ വെളിപ്പെടുന്നു. വ്യക്തിപരമായ ഹൃദയസംവാദവും ദൈവവുമായുള്ള ബന്ധവും വിഷയവും ഗ്രഹിച്ചശേഷം പ്രഥമ ചവിട്ടുപടി മുന്നോട്ടു വെയ്ക്കാവുന്നതാണ്. ഇത് വികസിപ്പിക്കേണ്ടത് ഒരുവന്റെ ഉള്ളിൽ നിന്നുള്ള ദൈവത്തെകുറിച്ചുള്ള ബോധത്തിൽ നിന്നുമായിരിക്കണം. അവന്റെ ഉള്ളിൽ നിന്നും നല്ല നിലയിലുള്ള ആസ്വാദ്യത ഈ കാര്യത്തിൽ വളർത്തേണ്ടതാ ണ്. അങ്ങനെയായാൽ ദൈവ സാന്നിധ്യം ഒരുവന് ബോധ്യമാകുന്നതാണ്. ദൈവം മനുഷ്യന് ആത്മീയ ഉൾകാഴ്ച നല്കി അനുഗ്രഹിച്ചിരിക്കുന്നു. ദൈവം വിവേക പൂർണ്ണനായ, ജീവിക്കുന്ന യാഥാർത്ഥ്യമാകുന്നു. എല്ലാ ജീവന്റെയും ബുദ്ധിയുടെയും ഉറവിടമാകുന്നു അവൻ.

പരിശുദ്ധ പ്രവാചകൻ (സ) വിവരിച്ചിരിക്കുന്നു. ലിക്കാഅ്/ കണ്ടുമുട്ടൽ എന്നത് ദൈവമായുള്ള വ്യക്തിപരമായ ആത്മീയ ബന്ധത്തിന്റെ അവസ്ഥയാകുന്നു. ഒരു മനുഷ്യൻ ദൈവത്തിലേക്ക് നീങ്ങുമ്പോൾ, അപ്പോൾ അവൻ, ആ മനുഷ്യ നിലേക്ക് നീങ്ങുന്നു. ഒരു മനുഷ്യൻ ദൈവത്തിലേക്ക് നടക്കുമ്പോൾ, അവൻ

(ദൈവം) അവനിലേക്ക് ഓടി അടുക്കുന്നു. പെട്ടെന്ന് ഓടി അടുക്കുന്നത് പ്രസ്തുത വ്യക്തിമാത്രമാണ് ദർശിക്കുന്നത്. ദൈവസാന്നിധ്യത്തെകുറിച്ച് ഒരുവൻ ബോധ വാനല്ലാത്തിടത്തോലം കാലം, ഒരുവന് വ്യക്തിപരമായ ഒരു ബന്ധം അവനു മായി സ്ഥാപിക്കുവാൻ കഴിയുകയില്ല. അപ്പോൾ പിന്നെ അത് തത്വചിന്താപര മായ ഒരു ബന്ധം അവനുമായി സ്ഥാപിക്കുവാൻ കഴിയുകയില്ല. അപ്പോൾ പിന്നെ അത് തത്വചിന്താപരമായ ഒരു ബന്ധം മാത്രമായിരിക്കും. വാഗ്ദത്ത മസീഗ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) പറഞ്ഞു. ബുദ്ധി വൈഭവത്തിലൂടെ ഒരാൾക്ക് ദൈവ ത്തിന്റെ അസ്ഥിത്വത്തിൽ ബോധ്യം വന്നേക്കാം. എന്നാൽ വെളിപാടില്ലാതെ ഒരു വന് പൂർണ്ണപ്രകാശം ആനന്ദിക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ സാർവ്വദേ ശിയ ദൃഷ്ടാന്തങ്ങൾ ബൗദ്ധികതയിലൂടെ ഭൗതിക വാദികൾ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ ദൈവം മരിച്ചുപോയി എന്ന് അവർ തറപ്പിച്ചു പറഞ്ഞിട്ടില്ല. അവർ ഇങ്ങനെയും പറയുകയുണ്ടായി, അവൻ നിലനിന്നിട്ടുണ്ടായിരിക്കാം. എന്നാൽ ഇപ്പോൾ ഇല്ല (ദൈവം കാക്കട്ടെ)

ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനുള്ള അടുത്ത ചവിട്ടടി ഒരുവന്റെ ആന്തരിക ഭവനം നന്മകളാലും ധാർമ്മിക മൂല്യങ്ങളായാലും അലങ്കരിക്കുക എന്ന താണ്, മുന്നോട്ടുള്ള പുരോഗതിക്കായി നിരന്തരമായ ശ്രദ്ധ അനിവാര്യമാണ് അതിന് കൃത്രിമമായ സൗന്ദര്യം മതിയായതല്ല. സ്നേഹം അഗാധമായിരിക്കണം. ദൈവത്തി നായി, ഒരുവൻ, തന്നെ സ്നേഹം കൊണ്ട് പൊതിയണം. പാവപ്പെട്ട വധു അവ ളുടെ സാഹചര്യമനുസരിച്ച് അവളെ സ്വയം അലങ്കരിക്കുന്നതുപോലെ ! ഓരോരു ത്തരും, അവരവരുടെ കഴിവനുസരിച്ച്, ആത്മീയമായ നിലയിൽ അവർ സ്വയം അല ങ്കരിക്കേണ്ടതാണ്. തത്ഫലമായി ദൈവത്തിന്റെ സ്നേഹനിർഭരമായ ശ്രദ്ധ അവ രുടെ മേൽ പതിയത്തക്ക നിലയിൽ ! ആത്മീയ വികാസത്തിൽ, ആദ്യഘട്ടത്തിൽ തന്നെ, ദൈവം സ്വയം തന്നെ പ്രത്യക്ഷപ്പെടുന്നതാണ്. ദൈവം ഓരോരുത്തരെയും അനുഗ്രഹിക്കുന്നു, ആരാണോ അവനുമായി ഒരു ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹി ക്കുന്നത്, അവരെയെല്ലാം അവൻ അനുഗ്രഹിക്കുന്നു. ദൈവീക ദൃഷ്ടാന്തഫലമാ യി, അവനിൽ തുടർന്നുള്ള സംസ്ക്കരണം തുടരുന്നു.

ദൈവീക സന്തോഷം ഒരുവൻ അനുഭവിച്ചറിയുന്നില്ലെങ്കിൽ ഒരുവന് ആത്മീ യമായി മുന്നേറുവാൻ സാധിക്കുകയില്ല. അവൻ പിറകോട്ടു പോകുന്നു. നന്മനിറഞ്ഞ ജീവിതത്തിൽ നിന്നും മുഖം തിരിക്കുന്നു. ദൈവവുമായി കൂടുതൽ ചേർന്നു നില്ക്കു ന്നതിന്, ഒരുവൻ തന്നെ കൂടുതൽ കൂടുതൽ ശുദ്ധീകരിക്കേണ്ടതുണ്ട്. ! അങ്ങനെ

വരുമ്പോൾ ഒരുവന്റെ വ്യക്തി ബന്ധങ്ങൾ, ഭാര്യയോടും, ഭർത്താവിനോടും, കുട്ടി കളോടും, ബന്ധുക്കളോടും, സ്നേഹിതരോടും, എല്ലാവരോടും നല്ല നിലയിലാരി ക്കണം. അനൗപചാരികമായ അവഹേളനം മരണഹേതുകമായ വിഷമാണ്. ഇത് സൗഹൃദത്തെ ഇല്ലാതാക്കുന്നു. നാം വിശുദ്ധ ഖുർആനിൽ വായിക്കുന്നു. അല്ലാ ഹുവിന്റെ ദൂതരായ മുഹമ്മദും അദ്ദേഹത്തോടൊപ്പമുള്ളവരും സത്യനിഷേധികളുടെ നേരെ കർശന നിലപാട് എടുക്കുന്നവരും അന്യോന്യം കരുണകാണിക്കുന്നവരു മാകുന്നു. (48 : 30)

ഈ വചനം വിരൽ ചൂണ്ടുന്നത് അവിശ്വാസത്തിനെതിരിൽ അവർ ഉറച്ചു നില്ക്കുന്നവരാണ് എന്നാണ്. ഒരോരുത്തരും പരസ്പരം ഓർമ്മപ്പെടുത്തേണ്ടതുണ്ട്. അതിനായി ബോധപൂർവ്വമായ പ്രയത്നം നാം തുടരേണ്ടതുണ്ട്. നാം മുസ്ലിംകൾ ദൈവീക ദൃഷ്ടാന്തത്തിന്റെ വാഹകർ, യഥാർത്ഥ ഇസ്ലാമിന്റെ പ്രതിനിധികൾ, വർഷം മുഴുവൻ നല്ല സ്വഭാവം പ്രകടിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിലെ ഓരോ റമദാനിലും അത് ഇരട്ടിയായോ മൂന്നിരട്ടിയായോ വർദ്ധി പ്പിക്കേണ്ടതുമാണ്.

ദൈവവുമായി സ്ഥിരമായ ഒരു ബന്ധം വികസിപ്പിച്ചെടുക്കുവാൻ ഓരോരുത്തരും പ്രാർത്ഥിക്കേണ്ടതാണ്. അവരുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കുന്നതിനായും പ്രാർത്ഥി ക്കുക. സ്വയം ശുദ്ധീകരണത്തിന് സമ്പൂർണ്ണ ശ്രദ്ധ നല്കുവാൻ ഓരോത്തരും സ്വയം തയ്യാറാകേണ്ടതാണ്. അതിലൂടെ മാത്രമെ ദൈവസാമീപ്യവും ദൈവകാരുണ്യവും ഒരുവന് കാണുവാൻ കഴിയുകയുള്ളൂ. ഒരുവന്റെ പ്രയത്നത്തിൽ തളർന്ന മനോഭാവ ത്തിന് സാധ്യതയുണ്ട്. എന്നാൽ ഒരു നിലവാരത്തിലേക്ക് പ്രയത്നം എത്തിയാൽ പിന്നീട് തളർച്ച ഉണ്ടാകില്ല. ഒരുവൻ വഴുതി വീഴുമ്പോഴും പിടിച്ചുനിന്നാൽ അവൻ ക്രമേണ ലക്ഷ്യത്തിലെത്തി ചേരുന്നതാണ്. ഒരുവൻ തന്റെ ആത്മീയ പോരാട്ടം തുട രേണ്ടതാണ്. അത് കയ്പ്പ് നിറഞ്ഞതായി അനുഭവപ്പെട്ടാലും ശരി ; ഒരു വലിയ ഭാര മായി തോന്നിയാലും ശരി ; അവൻ പിടിച്ചു നില്ക്കണം, കയ്പേറിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഠിന പ്രയത്നം തുടരേണ്ടതാണ്. (നമസ്ക്കാരം, ദിക്ക്റുല്ലാഹ്, സ്വലാത്ത് ചൊല്ലൽ, ഖുർആൻ പാരായണം തുടങ്ങിയവ) കുറെ കഴിയുമ്പോൾ പ്രസ്തുത ബുദ്ധിമുട്ടുകളെല്ലാം അപ്രത്യക്ഷമാകുന്നതാണ് പകരം സംശുദ്ധമായ ആത്മീയ മധുരം നുകരുവാൻ കഴിയുന്നതാണ്. ഒപ്പം വിശ്വാസ മാധുര്യവും !

ആയതിനാൽ ആരാധനാ പ്രവർത്തികളിലെ ഒരാളിന്റെ സ്ഥിരോത്സാഹം, പര മോന്നതനും മഹത്വമുടയവനുമായവനിലുള്ള ഭരമേല്പിക്കൽ, എല്ലാവിധ മോശ

ഇച്ഛകളെയും ചികിത്സിച്ച് ഭേദമാക്കുന്നതാണ്. അപ്പോൾ അല്ലാഹു, എല്ലാം കേൾക്കുന്നവനായവൻ. ഒരിക്കലും അവൻ ചെവികേൾക്കാത്തവനല്ല, അവന്റെ ഭക്തദാസരുടെ പ്രാർത്ഥകൾക്ക് ഉത്തരം ചെയ്യുന്നവനാണ്. തങ്ങളുടെ ആത്മാക്കളോട് തെറ്റ് പ്രവർത്തിച്ചവർക്ക്, അവർ പാശ്ചാത്തപിക്കുമ്പോൾ, ജീവിതത്തിന് മാറ്റം വരുത്തുമ്പോൾ, അല്ലാഹുവിനെ എത്തിപിടിക്കുവാൻ ശ്രമിക്കുമ്പോൾ, അവൻ അവന്റെ (അല്ലാഹുവിന്റെ) ഇഷ്ടാഭാജനമായി മാറുന്നു. തീർച്ചായായും പശ്ചാത്തപിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. അവരുടെ കഴിഞ്ഞുപോയ തെറ്റുകളെ മായ്ക്കുന്നു. അവരുടെ ജീവിതം അവൻ സംസ്ക്കരിക്കുന്നു. യഥാർത്ഥ ഇസ്ലാമിനെ കുറിച്ച് അവർ ചിന്തിക്കുന്നു. യഥാർത്ഥ ഈമാൻ ഉണ്ടായിതീരുന്നു. പൂർണ്ണ മുസ്ലിമായി തീരുന്നു. അകമേയും പുറമേയും ! ഇതിനു വേണ്ടിയാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും പ്രവർത്തിക്കേണ്ടത്. നിങ്ങൾ സമ്പൂർണ്ണരല്ല. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ തെറ്റുകളും പാപങ്ങളും ചെയ്തു പോയിട്ടുണ്ടാകും. എന്നാൽ അല്ലാഹു നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു. വിശ്വാസത്തിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നു. മാപ്പിന്റെ വാതിലും തുറന്നിട്ടിരിക്കുന്നു. ഈ നൂറ്റാണ്ടിൽ അവൻ തെരഞ്ഞെടുത്ത അധ്യാപകനെ, നിങ്ങളെ പഠിപ്പിക്കുവാനായി നിയോഗിച്ചിരിക്കുന്നു. നിങ്ങൾ സുരക്ഷിതരായി നിങ്ങളുടെ രക്ഷിതാവിലേക്ക് എത്തിച്ചേരുവാനായി, നിങ്ങൾ സുരക്ഷിതരായി, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട്, അവനിൽ സന്തോഷത്തോടെ എത്തുവാനായി ഇതാ വഴി ഒരുക്കിയിരിക്കുന്നു. ദുർമാർഗ്ഗത്തിനു ശേഷം ഈ സന്മാർഗ്ഗം ആരാണോ സ്വീകരക്കുന്നത്, യഥാർത്ഥ വിശ്വാസ സംരക്ഷണത്തിനായി കഠിനമായി യത്നിക്കുന്നത്, അവരെ അല്ലാഹു (ത) ഉന്നത സോപാനങ്ങളിലേക്കുയർത്തുന്നതാണ്. അതു ഇഹലോകത്തായാലും ശരി പരലോകത്തായാലും ശരി !

ലിഖാഅ് ന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കുവാനുള്ള തൗഫീക്ക് ജമാഅത്തുസ്സഹീഹിലെ ഇസ്ലാമിലെ എല്ലാ അംഗങ്ങൾക്കും അല്ലാഹു (ത) പ്രദാനം ചെയ്യട്ടെ ! സ്ഥിരമായി നിലനില്ക്കുന്ന ഒരു ദൈവീക ബന്ധം നിങ്ങൾക്ക് എല്ലാവർക്കും അവൻ നല്കട്ടെ ! നിങ്ങൾ എത്രത്തോളം അല്ലാഹുമായി അടുക്കുന്നുവോ അത്രത്തോളം എളുപ്പത്തിൽ സമുദായം മുന്നോട്ട് കുതിക്കുന്നതാണ്. (അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ലോകമെങ്ങും ഒരാത്മീയ വിപ്ലവം സൃഷ്ടിക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നതാണ്. അത് ചെയ്യുവാനുള്ള ഇച്ഛാശക്തി അല്ലാഹു (ത) നമുക്ക് പ്രദാനം ചെയ്യട്ടെ ആമീൻ.

***Translated & Issued By:***

**R. Jamaludin Raother**

**Amir - Jamaat Ul Sahih Al Islam**

**South Zone - Kerala, India**

**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**
**Blog: www.sahih-al-islam.blogspot.in**